I ഇ.ബി. XIV - കേരള നിയമസഭ/XXII-6

## പതിനാലാം കേരള നിയമസഭ

### ഇരുപത്തിരണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 ജനുവരി 15, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ധനകാര്യം

### 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിന്റെയും വോട്ട് ഓൺ അക്കൗണ്ടിന്റെയും അവതരണം

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് അവതരിപ്പിച്ചു. തുടർന്ന് 2020-2021 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റും 2021 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള വോട്ട് ഓൺ അക്കൗണ്ടും 2021-2022 മുതൽ 2023-2024 വരെയുള്ള Medium Term Fiscal Policy Statement-ഉം Medium Term Fiscal Policy (Strategy) Statement-ഉം കേരള അടിസ്ഥാന സൗകര്യ

നിക്ഷേപനിധി ബോർഡിന്റെ 2019-2020 സാമ്പത്തികവർഷത്തെ ആന്വൽ റിപ്പോർട്ടും ആന്വൽ അക്കൗണ്ട്സും ഫിഡലിറ്റി സർട്ടിഫിക്കറ്റും മേശപ്പുറത്തുവച്ചു. അഞ്ചാമത് പൊതുചെലവ് പുന:പരിശോധനാ കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് കാലതാമസപത്രിക സഹിതം മേശപ്പുറത്തുവച്ചു.

രാവിലെ 9.00 മണിക്ക് ആരംഭിച്ച ബജറ്റ് പ്രസംഗം ഉച്ചയ്ക്കുശേഷം 12.18-ന് പൂർത്തിയാക്കി.

ശ്രീ. കെ. സി. ജോസഫ്: ബജറ്റ് അവതരണ ദിവസം മറ്റ് കാര്യപരിപാടികൾ അജണ്ടയിൽ ഉൾപ്പെടുത്താറില്ല. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് ബജറ്റ് അവതരണ ദിവസം സമർപ്പിക്കാൻ തീരുമാനിച്ചത് തെറ്റായ കീഴ്വഴക്കമാണ്.

## II റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ 21-ാമത് റിപ്പോർട്ട് സമർപ്പിച്ചു.

## III റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 21-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ: സഭാനടപടിക്രമങ്ങളിൽ ഭേദഗതി വരുത്താതെ വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം മൂന്ന് മണിക്ക് സഭ ചേരാൻ കാര്യോപദേശക സമിതി എടുത്ത തീരുമാനം പുന:പരിശോധിക്കണം.

<u>മി. സ്പീക്കർ:</u> കാര്യോപദേശക സമിതി ഏകകണ്ഠമായെടുത്ത തീരുമാനമാണിത്.

ബജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബജറ്റ് ഡോക്യുമെന്റ്സ് മെമ്പർമാർക്ക് എം.എൽ.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിലും ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അവരുടെ ഓഫീസിലും എത്തിക്കുന്നതാണ്. മാധ്യമ പ്രതിനിധികൾക്കുള്ള ബജറ്റ് ഡോക്യുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ 407-ാം നമ്പർ മുറിയിൽനിന്ന് ലഭിക്കുന്നതാണ്.

(ബജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

(സഭ ഉച്ചയ്ക്കുശേഷം 12.24-ന് പിരിഞ്ഞു.)

* * *